# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484-2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1016
എറണാകുളം, കൊച്ചി 682 011

MOH5/1215789/24

18/02/2026

## താല്പര്യപത്രം

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 321 ബോട്ടിൽ ബൂത്തുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ പ്ലാസ്റ്റിക് കുപ്പികൾ ശാസ്ത്രീയമായി ശേഖരിച്ച് നീക്കം ചെയ്യുന്നതിന് ശുചിത്വമിഷൻ അംഗീകാരമുള്ള സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവരിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. താല്പര്യപത്രത്തോടൊപ്പം നിയമാനുസൃത രേഖകൾ സഹിതം 28/02/2026 തീയതി 5 പി.എം ന് മുൻപായി നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. താല്പര്യപത്രം സമർപ്പിക്കുന്നവർ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്നതിന് നഗരസഭയ്ക്ക് ഒരു വർഷത്തേക്ക് നൽകുന്ന മൊത്തം തുകയാണ് രേഖപ്പെടുത്തേണ്ടത്.
2. പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്നതിനാവശ്യമായ വാഹനവും തൊഴിലാളികളേയും ഏജൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.
3. കരാർ കാലാവധി ഒരു വർഷത്തേക്കായിരിക്കും.
4. പ്ലാസ്റ്റിക് കുപ്പികൾ ബന്ധപ്പെട്ട സർക്കിൾ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സാന്നിധ്യത്തിൽ ബോട്ടിൽ ബൂത്തുകൾ നിറയുന്ന മുറയ്ക്കോ, അഥവാ എല്ലാ 15 ദിവസം കൂടുമ്പോഴോ നീക്കം ചെയ്തു കൊണ്ടുപോകേണ്ടതാണ്.
5. താല്പര്യപത്രത്തോടൊപ്പം നഗരസഭ സെക്രട്ടറിയുടെ പേരിൽ എടുത്തിട്ടുള്ളതും കൊച്ചി നഗരപരിധിയിൽ മാറാവുന്നതുമായ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത 5000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് EMD ആയി സമർപ്പിക്കേണ്ടതാണ്.
6. താല്പര്യപത്രം അംഗീകരിക്കുന്ന മുറയ്ക്ക് നഗരസഭയുമായി കരാറിൽ ഏർപ്പെടേണ്ടതും, കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടതുമാണ്.
7. കരാറിൽ ഏർപ്പെടുന്ന ഏജൻസികളുടെ പ്രവർത്തനം നഗരസഭയ്ക്ക് തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം കരാർ റദ്ദുചെയ്യുന്നതിന് നഗരസഭ കൗൺസിൽ/ സെക്രട്ടറിയക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ നഗരസഭ ആരോഗ്യ വിഭാഗത്തിൽ നിന്നും നേരിട്ട്/ഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

18/02/2026

പബ്ലിക് ഹെൽത്ത് ഓഫീസർ
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

പകർപ്പ്: നോട്ടീസ് ബോർഡ്, വെബ്സൈറ്റ്